(എ) ജല-വായു മലിനീകരണ നിയന്ത്രണ നിയമങ്ങൾ നടപ്പാക്കാൻ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് ;

(ബി) ഇല്ലെങ്കിൽ ഗവൺമെൻറ് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, ജില്ലകളിലെ മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൻറെ കേന്ദ്ര ആഫീസ് നേരിട്ടു നടപ്പാക്കിവരുന്നു. തിരുവനന്തപുരത്ത് ഒരു വായു മലിനീകരണ നിയന്ത്രണ മേഖല ഇതിനകം പ്രഖ്യാപിച്ചു കഴിഞ്ഞു. കൊല്ലം ചവറ എന്നീ സ്ഥലങ്ങൾ ഉൾപ്പെടുന്ന മറെറാരു മേഖല ഉടൻതന്നെ പ്രഖ്യാപിക്കാൻ നടപടികൾ എടുത്തുവരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഫാക്ടറികളിൽ നിന്നുള്ള മലിനീകരണം

330 [512] ശ്രീ. ടി. എസ്. ജോൺ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറ മിനറൽസ് ആൻറ് മെറൽസിൽ നിന്നും ഇടയ്ക്കിടയ്ക്കുണ്ടാകുന്ന വാതക ചോർച്ച ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതൊഴിവാക്കാൻ ഇതിനകം ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) തിരുവനന്തപുരം ടൈറാനിയം ഫാക്ടറിയിൽ നിന്നുള്ള മലിനീകരണം തടയാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംഭവം ഉണ്ടായ അന്നുതന്നെ (12-3-1986) വ്യവസായ വകുപ്പ് മന്ത്രിയും ഫാക്ടറീസ് ഡയറക്ടറും പ്ലാൻറ് സന്ദർശിക്കുകയുണ്ടായി. 13-3-1986-ൽ കമ്പനി മാനേജ്മെൻറ് പ്രതിനിധികളും, യൂണിയൻ പ്രതിനിധികളും തൊഴിൽ വകുപ്പുമന്ത്രി വ്യവസായ വകുപ്പ് സെക്രട്ടറി, ലേബർ വകുപ്പ് സെക്രട്ടറി, ഫാക്ടറീസ് ഡയറക്ടർ എന്നിവരുമായി വ്യവസായ വകുപ്പ് മന്ത്രി ചർച്ച നടത്തി. അതിൻറെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

(i) 15-2-1986, 18-2-1986, 12-3-1986 എന്നീ ദിവസങ്ങളിലുണ്ടായ വാതകചോർച്ചയെ സംബന്ധിച്ച് മുഖ്യമന്ത്രിയുമായി ആലോചിച്ച് ഉടനെതന്നെ ഒരന്വേഷണം നടത്തുക.

(ii) ഇൻഡ്യാ ഗവൺമെൻറിലെ കെമിക്കൽസ് മന്ത്രി കാര്യാലയവുമായി ആലോചിച്ച് ഒരു വിദഗ്ദ്ധ ഏജൻസിയെക്കൊണ്ട് കമ്പനിയിൽ സേഫ്റ്റി ആഡിറ്റ് നടത്തുക.

(iii) കമ്പനി തലത്തിലും ഷോപ്പ് ഫ്ളോർ തലത്തിലും സേഫ്റ്റി കൗൺസിലുകൾ രൂപീകരിക്കുക.

(iv) സുരക്ഷിതത്വ നടപടികൾ വിലയിരുത്തുന്നതിന് വ്യവസായവകുപ്പ് കമ്മീഷണർ, ലേബർ വകുപ്പ് കമ്മീഷണർ മാനേജ്മെൻറ് പ്രതിനിധികൾ എന്നിവരടങ്ങിയ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുക. സേഫ്റ്റി

LIBRARY ARCHIVES Kerala Legislative Assembly

ആഡിറ്റ് നടത്തുന്നതിനുവേണ്ടി ഒരു വിദഗ്ദ്ധ ഏജൻസിയെ നിർദ്ദേശിക്കുന്നതിന് ഇൻഡ്യാഗവൺമെൻറിലെ കെമിക്കൽസ് മന്ത്രി കാര്യാലയത്തിനോടപേക്ഷിച്ചിട്ടുണ്ട്.

റവന്യൂബോർഡ് അംഗത്തെക്കൊണ്ടുള്ള അന്വേഷണത്തിനുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

(സി) തിരുവനന്തപുരം ടൈറ്റാനിയം പ്രോഡക്ട്സിൻെറ പ്രവർത്തന ഫലമായി പ്രതിദിനം 3000 ഘനമീറ്റർ മലിനജലം പ്രത്യേകം നിർമ്മിച്ചിട്ടുള്ള ഓടവഴി കടലിലേക്ക് വിടുന്നുണ്ട്. തൻമൂലം മലിനീകരണം നടക്കുന്നു എന്നുള്ളതിനാൽ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി (N.I.O.) യുടെ ചുമതലയിൽ വിശദമായ ഒരു സർവ്വെ നടത്തി മലിനീകരണം തടയുന്നതിനുള്ള പ്രതിവിധികളും പ്രസ്തുത സ്ഥാപനം നിർദ്ദേശിച്ചു. 750 മീറ്റർ കടലിനുള്ളിലേക്ക് കടൽത്തട്ടിനടിയിൽ ഒരു മീറ്ററോളം കുഴിച്ചിട്ടിരിക്കുന്ന പൈപ്പ് വഴി മലിനജലം ഒഴുക്കിക്കളയുക എന്നതാണ് പ്രധാന നിർദ്ദേശം. മലിനജലത്തിലുള്ള ആസിഡിൻെറ അംശം കൂടുതൽ വെള്ളം ചേർത്ത് ശുദ്ധിചെയ്ത ശേഷമാണ് കടലിലേക്ക് ഒഴുക്കുന്നത്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് രൂപീകരിച്ച ഒരു കമ്മിറ്റിയും ഇത് അംഗീകരിച്ചു. പക്ഷേ സ്ഥലവാസികളുടെ പരാതിമൂലം പ്രശ്നം ചർച്ച ചെയ്തു പരിഹാരം കാണാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. നിരവധി ചർച്ചകൾ നടത്തിയശേഷം 10-7-1984-ൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ ഒരു യോഗത്തിൽ ഒരു സ്പെഷ്യൽ കമ്മിറ്റിയെ ഇക്കാര്യം വിശദമായി പഠിക്കാൻ നിയമിച്ചു. കമ്മിറ്റിയുടെ ശുപാർശകൾ വീണ്ടും മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തു. സ്ഥലവാസികളുടെ പ്രതിനിധികളുമായി വീണ്ടും ചർച്ച ചെയ്തു ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുന്നതാണ്.

Blind Persons in the State

331 [513] **Shri Stephen Padua** : Will the Chief Minister be pleased to state :

The number of blind persons in the State ?

Answer

The number of totally blind persons in the State as per the Census of of India 1981 is 8,178.

"ഇന്ദിരാഗാന്ധി ചാരിറ്റബിൾ ഫൗണ്ടേഷൻ" എന്ന സ്ഥാപനത്തിന് സംഭാവന നൽകണമെന്ന നിർദ്ദേശം

332 [514] ശ്രീ. സി. വാസുദേവമേനോൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടുകാൽ (ബാലരാമപുരം) കേന്ദ്രമാക്കി ഇന്ദിരാഗാന്ധി ചാരിറ്റബിൾ ഫൗണ്ടേഷൻ എന്ന പേരിൽ ഒരു ട്രസ്റ്റ് രൂപീകരിച്ചിട്ടുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ട്രസ്റ്റിൽ സംഭാവന നൽകണമെന്ന് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് രജിസ്ട്രാർ സഹകരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നുവോ ;

(സി) അതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും പ്രസ്തുത ട്രസ്റ്റിൽ സംഭാവന നൽകാൻ ആവശ്യപ്പെട്ടിരുന്നുവോ ;

(ഡി) എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ ആരാണ് നൽകിയത് ?

LIBRARY ARCHIVES Kerala Legislative Assembly